# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *273 09/05/2017-ൽ മറുപടിക്ക്

## <u>തുറമുഖ മണൽ ഖനനം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി. തോമസ്**<br>**,, ഹൈബി ഈഡൻ**<br>**,, അൻവർ സാദത്ത്**<br>**,, എം. വിൻസെന്റ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**<br>**(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| **(എ)** | തുറമുഖ മണൽ ഖനനത്തിന് പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | **(എ)** | തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗിനായി പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| **(ബി)** | എങ്കിൽ പുതിയ നയം നടപ്പാക്കുന്നതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനാകുന്നതെന്ന് വിശദമാക്കുമോ; | **(ബി)** | 09/2/2017 ലെ സ.ഉ.(കൈ) നം. 2/2017/മത്സ്യ ഉത്തരവിലൂടെ പ്രഖ്യാപിച്ച പുതിയ നയം പ്രകാരം സഹകരണ സംഘങ്ങൾക്കു പകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് മാന്വൽ ഡ്രഡ്ജിംഗിനുള്ള അധികാരം നൽകിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകുക വഴി ഈ പ്രവൃത്തി കൂടുതൽ സുതാര്യമായും കാര്യക്ഷമമായും ഉത്തരവാദിത്വത്തോടെയും ചെയ്യാൻ സാധിക്കുന്നതാണ്. |
| **(സി)** | പുതിയ നയമനുസരിച്ച് മണൽ ഖനനത്തിനും വിപണനത്തിനും ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ വിശദമാക്കുമോ? | **(സി)** | മാന്വൽ ഡ്രഡ്ജിംഗിൽ മുൻപരിചയമുള്ള തദ്ദേശവാസികളായ മണൽ വാരൽ തൊഴിലാളികളെ ഓരോ പ്രദേശത്തേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നു. ഈ തൊഴിലാളികൾ മുഖാന്തിരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാന്വൽ ഡ്രഡ്ജിംഗ് നിർവ്വഹിക്കുന്നു.<br>ഡ്രഡ്ജ് ചെയ്ത് മാറ്റേണ്ടുന്ന പദാർത്ഥങ്ങളുടെ അളവ് അതത് പോർട്ട് കൺസർവേറ്റർമാർ നിശ്ചയിക്കുകയും ഇത്തരത്തിൽ ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ള വില അടിസ്ഥാനമാക്കി തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം നടത്തുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**